"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2020-21 വാർഷിക പദ്ധതി - അംഗീകാര നടപടികൾ പൂർത്തിയാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**സ.ഉ.(കൈ) നം.62/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 11/04/2020

---

പരാമർശം:- 1 04.12.2019 -ലെ സ.ഉ (കൈ) നം. 156/2019/ത.സ്വ.ഭ.വ.

2 05.12.2019 -ലെ സ.ഉ (കൈ) നം. 157/2019/ത.സ്വ.ഭ.വ.

3 06.01.2020 -ലെ സ.ഉ (കൈ) നം. 9/2020/ത.സ്വ.ഭ.വ.

4 14.01.2020 -ലെ സ.ഉ (കൈ) നം. 14/2020/ത.സ്വ.ഭ.വ.

5 23.01.2020 -ലെ സ.ഉ (കൈ) നം. 19/2020/ത.സ്വ.ഭ.വ.

6 06.03.2020 -ലെ സ.ഉ.(കൈ) നം. 45/2020/ത.സ്വ.ഭ.വ.

7 07.03.2020 -ലെ സ.ഉ.(സാധാ) നം.646/2020/ത.സ്വ.ഭ.വ.

8 31.03.2020 -ലെ സ.ഉ.(കൈ) നം. 59/2020/ത.സ്വ.ഭ.വ.

9 31.03.2020 -ലെ സ.ഉ(സാധാ) നം. 724/2020/ത.സ്വ.ഭ.വ.

10 07.04.2020 -ന് ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിലെ തീരുമാനങ്ങൾ.

**<u>ഉത്തരവ്</u>**

തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ 2020-21 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള അധിക മാർഗ്ഗനിർദ്ദേശങ്ങളും സമയക്രമവും പരാമർശം 1 മുതൽ 5 വരെയുള്ള ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 622 ഗ്രാമപഞ്ചായത്തുകളും 1 3 6 ബ്ലോക്ക് പഞ്ചായത്തുകളും 1 4 ജില്ലാ പഞ്ചായത്തുകളും 44 മുനിസിപ്പാലിറ്റികളും 2 കോർപ്പറേഷനുകളും ഉൾപ്പടെ ആകെ 818 തദ്ദേശഭരണസ്ഥാപനങ്ങൾ വാർഷിക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുകയുണ്ടായി. ഈ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പദ്ധതി നിർവഹണ നടപടികൾ ഉടൻതന്നെ ആരംഭിക്കാൻ കഴിയും.

2. പദ്ധതി സമർപ്പിക്കാൻ ബാക്കിയുള്ളത് 382 തദ്ദേശഭരണസ്ഥാപനങ്ങളാണ്. ഇതിൽ കുറെയേറെ തദ്ദേശഭരണസ്ഥാപനങ്ങൾ പദ്ധതി രൂപീകരണ പ്രക്രിയ ഏറെക്കുറെ

പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ കൊവിഡ്-19 രോഗബാധയുടെ പശ്ചാത്തലത്തിൽ പദ്ധതി അന്തിമമാക്കി ജില്ലാ ആസൂത്രണ സമിതിക്ക് അയയ്ക്കാൻ കഴിഞ്ഞില്ല. സാമ്പത്തികവർഷം അവസാനിച്ച സ്ഥിതിക്ക് സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തികൊണ്ടുള്ള വാർഷികപദ്ധതിയാണ് സമർപ്പിക്കേണ്ടതെങ്കിലും അതിന് കാലതാമസമെടുക്കും എന്നതിനാൽ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്താതെ വാർഷിക പദ്ധതി സമർപ്പിക്കുന്നതിന് അവസരം നൽകണമെന്ന് ഒട്ടേറെ തദ്ദേശഭരണസ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

3 . സർക്കാർ മേൽപ്പറഞ്ഞ ആവശ്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും കൊവിഡ് രോഗബാധ ഉയർത്തുന്ന അസാധാരണ സാഹചര്യം കൂടി പരിഗണിച്ച് കൊണ്ടും തദ്ദേശഭരണസ്ഥാപനങ്ങളുടെ 2020-21 വാർഷിക പദ്ധതിയുടെ അംഗീകാര നടപടികൾ പൂർത്തിയാക്കുന്നതിനും നിർവഹണ നടപടികൾ ആരംഭിക്കുന്നതിനും ചുവടെ വിവരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

**4. വാർഷിക പദ്ധതി അന്തിമമാക്കി സമർപ്പിക്കൽ**

4.1 വികസനസെമിനാർ വരെയുള്ള ആസൂത്രണ ഘട്ടങ്ങൾ പൂർത്തിയായെങ്കിലും മാർച്ചിൽ പദ്ധതി സമർപ്പിക്കാൻ കഴിയാതിരുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ എത്രയും പെട്ടെന്ന് വാർഷിക പദ്ധതി അന്തിമമാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4 . 2 സംസ്ഥാനം ഇപ്പോൾ നേരിടുന്ന അസാധാരണ സാഹചര്യത്തിൽ വികസനസെമിനാർ സംഘടിപ്പിക്കാൻ കഴിയുകയില്ല. ഈ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൂടി അടുത്ത വർഷത്തെ പദ്ധതി നിർവഹണം ഉടൻ തന്നെ ആരംഭിക്കുന്നതിന് കഴിയുംവിധം വികസന സെമിനാർ എന്ന ആസൂത്രണഘട്ടം ഒഴിവാക്കി വാർഷിക പദ്ധതി അന്തിമമാക്കുന്നതിന് അനുമതി നൽകുന്നു. അതായത് വികസനസെമിനാറിന് മുമ്പ് വരെയുള്ള ആസൂത്രണ ഘട്ടങ്ങൾ പൂർത്തിയാക്കിയിട്ടുള്ള തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വികസന സെമിനാർ കൂടാതെ തന്നെ വാർഷിക പദ്ധതി അന്തിമമാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കാവുന്നതാണ്.

4 . 3 സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്താതെ തന്നെ വാർഷിക പദ്ധതി അന്തിമമാക്കി സമർപ്പിക്കാവുന്നതാണ്.

4.4 വാർഷിക പദ്ധതി സമർപ്പിക്കാൻ ബാക്കിയുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പരാമർശം ഒന്നിലെ ഉത്തരവിന്റെ ഖണ്ഡിക 13-ൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ ഒരു നിശ്ചിത സംഖ്യ ഇപ്പോൾ തന്നെ സ്പിൽഓവർ പ്രോജക്ടുകൾക്ക് വേണ്ടി മാറ്റിവയ്ക്കാവുന്നതാണ്.

4.5 വാർഷിക പദ്ധതി തയ്യാറാക്കുന്ന പ്രക്രിയ പൂർത്തിയാക്കി ഏപ്രിൽ 18-നകം ജില്ലാ ആസൂത്രണ സമിതിക്ക് അയയ്ക്കേണ്ടതാണ്.

4 . 6 കൊവിഡിന്റെ പശ്ചാത്തലത്തിൽ ആരോഗ്യ വകുപ്പ് നിഷ്കർഷിച്ചിരിക്കുന്ന പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് പദ്ധതി അംഗീകാരത്തിനുള്ള ഭരണസമിതി യോഗം ചേരാവുന്നതാണ്. Video കോൺഫെറൻസിങ്ങിന് ഉപയുക്തമായ ഏത് സ്വതന്ത്ര ആപ്ലിക്കേഷനും ഉപയോഗിക്കുന്നതുൾപ്പെടെ ആവശ്യമായ മുൻകരുതലുകളും മറ്റുനിയന്ത്രണങ്ങളും ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

## 5. വാർഷിക പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം

5.1 തദ്ദേശഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതി പരിഗണിക്കുന്നതിനായി ജില്ലാ ആസൂത്രണ സമിതികൾ ഏപ്രിൽ 21-നകം യോഗം ചേർന്ന് വാർഷിക പദ്ധതി സംബന്ധിച്ച തീരുമാനമെടുക്കേണ്ടതാണ്.

5.2 വാർഷിക പദ്ധതിയിൽ ന്യൂനതകൾ ഉണ്ടെങ്കിൽ അവ സ്പിൽ ഓവർ പ്രോജക്ടുകൾ കൂട്ടിച്ചേർക്കുന്ന സമയത്ത് പരിഷ്കരിക്കണമെന്നുള്ള ഉപാധിയോടുകൂടി പദ്ധതിക്ക് അംഗീകാരം നൽകാവുന്നതാണ്. പ്രോജക്ടുകളുടെ നിർവ്വഹണ നടപടികൾ കാല താമസം കൂടാതെ ആരംഭിക്കേണ്ടതുള്ളതിനാൽ വിശദപരിശോധനക്ക് കൂടുതൽ സമയം ആവശ്യമായ പ്രോജക്ടുകൾ ഒഴികെയുള്ള പ്രോജക്ടുകൾക്ക് വളരെ പെട്ടെന്ന് തന്നെ ക്ലിയറൻസ് നൽകേണ്ടതാണ്.

5.3 കൊവിഡ് രോഗബാധയുടെ പശ്ചാത്തലത്തിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾഎടുത്തും പ്രോട്ടോക്കോൾ പാലിച്ചും വേണം ജില്ലാആസൂത്രണ സമിതിയുടെ യോഗങ്ങൾചേരേണ്ടത്. ചട്ടപ്രകാരമുള്ള ക്വാറം ഉറപ്പാക്കണം. ജില്ലാതല ഉദ്യോഗസ്ഥർ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ/ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിദ്ധ്യം ആവശ്യമാണെങ്കിൽ ഏറ്റവും അനിവാര്യമായവരുടെ മാത്രം സാന്നിദ്ധ്യം യോഗത്തിൽ ഉറപ്പാക്കിയാൽ മതിയാകും. ഈ രീതിയിൽ യോഗത്തിലെ പങ്കാളിത്തം പരമാവധി ചുരുക്കുകയും കോൺഫെറൻസിങ്ങിന് ഉപയുക്തമായ ഏത് സ്വതന്ത്ര ആപ്ലിക്കേഷനും ഉപയോഗിക്കുന്നതുൾപ്പെടെ ആവശ്യമായ മുൻകരുതലുകളും മറ്റുനിയന്ത്രണങ്ങളും ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്. യോഗം വിളിച്ചു ചേർക്കുന്നതിനുള്ള ഉത്തരവാദിത്തം ജില്ലാ കളക്ടർക്ക് ആവശ്യമാണെന്നുള്ള പക്ഷം DPO യെ ഏൽപ്പിക്കാവുന്നതാണ്.

## 6. നിർവഹണ നടപടികൾ ആരംഭിക്കൽ

6.1 വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പ്രോജക്ടുകളുടെ മുൻഗണന നിശ്ചയിച്ച് വെറ്റിംഗ് നടപടികൾ പൂർത്തിയാക്കാവുന്നതും നിർവഹണ നടപടികൾ ആരംഭിക്കാവുന്നതുമാണ്.

6 . 2 ആശുപത്രികൾ, സ്കൂളുകൾ, അംഗൻവാടികൾ ഉൾപ്പടെയുള്ള ഘടകസ്ഥാപനങ്ങളുടെയും റോഡുകളുടെയും അറ്റകുറ്റപ്പണികൾക്ക് മുൻഗണന നൽകേണ്ടതാണ്. അതുപോലെ ഭക്ഷ്യോത്പാദന വർദ്ധനവിനും ഭക്ഷ്യ സംസ്കരണത്തിനുമുള്ള പ്രോജക്ടുകൾക്കും മുൻഗണന നൽകേണ്ടതാണ്. ഇത്തരം പ്രോജക്ടുകളുടെ വെറ്റിംഗ് സമയബന്ധിതമായി പൂർത്തിയാക്കി നൽകുന്നതിന് വെറ്റിംഗ് ഓഫീസർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

6.3 പരാമർ ശം 8-ലെ ഉത്തരവ് പ്രകാരം, അടിയന്തിര പ്രാധാന്യമുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് നടപടിക്രമങ്ങളിൽ ഇളവ് അനുവദിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പ്രോജക്ടുകൾ പിന്നീട് 2020-21 ലെ ബജറ്റ് വിഹിതത്തിൽ നിന്നും തുക കണ്ടെത്തി വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതുണ്ട്. അതുപോലെ സ്പിൽഓവർ പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിന് ലഭിക്കാവുന്ന അധിക വിഹിതം കഴിച്ചുള്ള സ്പിൽ

ഓവർ ബാധ്യതയും 2020-21 ലെ ബജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ടതുണ്ട്. ഇങ്ങനെയൊരു സാഹചര്യം നിലവിലുള്ളതിനാൽ ഇവയ്ക്കുള്ള വിഹിതം ഏതൊക്കെ പുതിയ പ്രോജക്ടുകൾ ഉപേക്ഷിച്ചാണ് കണ്ടെത്താൻ കഴിയുക എന്നത് സംബന്ധിച്ച് നിർവഹണ നടപടികൾ ആരംഭിക്കുന്ന ഘട്ടത്തിൽ തന്നെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വ്യക്തമായ ധാരണയുണ്ടാകണം. ഉപേക്ഷിക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ടു കളുടെ നിർവഹണം തൽക്കാലം ആരംഭിക്കേണ്ടതില്ല.

**7. അടിയന്തര സ്വഭാവമുള്ള പ്രോജക്ടുകൾ**

7 . 1 കൊവിഡിന്റെ പശ്ചാത്തലത്തിൽ അടിയന്തര സ്വഭാവമുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് നടപടിക്രമങ്ങളിൽ ഇളവ് അനുവദിച്ചുകൊണ്ട് പരാമർശം 8 പ്രകാരം ഉത്തരവായിരുന്നു. ഈ സൗകര്യം ഉപയോഗിച്ച് ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ആവശ്യമെങ്കിൽ താഴെ പറയുന്ന അടിയന്തിര പ്രോജക്ടുകൾ കൂടി ഏറ്റെടുക്കാവുന്നതാണ്.

( 1 ) നഗരഭരണസ്ഥാപനങ്ങളിലെയും ഗ്രാമപഞ്ചായത്തുകളിലേയും ശുചീകരണ പ്രവർത്തകർക്ക് ഗംബൂട്ട്, മാസ്ക്, ഗ്ലൌസ് എന്നിവ വാങ്ങി നൽകൽ

(2) ഹരിത കർമ്മസേനയ്ക്ക് ഗംബൂട്ട്, മാസ്ക്, ഗ്ലൗസ് എന്നിവ വാങ്ങി നൽകൽ

(3) കൊവിഡ് 19 ന്റെ സവിശേഷ സാഹചര്യവും മൺസൂണിന് മുന്നോടിയായുള്ള മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങളും കണക്കിലെടുത്ത് ഹരിതകർമ്മ സേനയ്ക്കുള്ള വയബിലിറ്റി ഗ്യാപ്പ് ഫണ്ട് 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിനുള്ള പ്രോജക്ട്.

7.2 കൊവിഡ് രോഗബാധയെ തുടർന്ന് രാജ്യത്തൊട്ടാകെ ഏർപ്പെടുത്തിയ ലോക്ക് ഡൗണിന്റെ പശ്ചാത്തലത്തിൽ സമീപഭാവിയിൽ പച്ചക്കറി ദൗർലഭ്യം ഉണ്ടാകുന്നതിനുള്ള സാധ്യതയുണ്ട്. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഇതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള പ്രത്യേക ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ ഏർപ്പെടുത്തുന്നതാണ്. ഈ സൗകര്യം ഉപയോഗിച്ച് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് വെറ്റിംഗ് നിർബന്ധമാണ്. എന്നാൽ ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതി ആവശ്യമില്ല. വാർഷിക പദ്ധതി പരിഷ്കരിക്കുന്ന സമയത്ത് വിഹിതം കണ്ടെത്തി പദ്ധതിയുടെ ഭാഗമാക്കണം.

7 . 3 കൊവിഡ് രോഗബാധയുടെ പ്രതിരോധ/പരിരക്ഷാ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് ചുവടെയുള്ള വിശദീകരണം നൽകുന്നു.

(1) ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ ആരംഭിച്ചിട്ടുള്ള കമ്മ്യൂണിറ്റി കിച്ചണിലൂടെ ലഭ്യമാക്കുന്ന സൗജന്യ ഊണിന് ഗ്രാമപഞ്ചായത്തുകൾക്ക് സഹായം നൽകാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തിനും ജില്ലാപഞ്ചായത്തിനും ഒരു ഊണിന് 5 രൂപയിൽ അധികരിക്കാതെയുള്ള തുക വീതം നിശ്ചയിച്ച് ഗ്രാമപഞ്ചായത്തിന്

കൈമാറാവുന്നതാണ്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ നിശ്ചയിക്കുന്ന നിരക്ക് പ്രകാരമുള്ള തുക തങ്ങളുടെ പരിധിയിലുള്ള എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നിർബന്ധമായും നൽകേണ്ടതാണ്.

( 2 ) ആരോഗ്യവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള പ്രോട്ടോക്കോളിന്റെയും മാർഗനിർദ്ദേശങ്ങളുടെയും ഭാഗമായി, ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിലും അവയുടെ നിയന്ത്രണത്തിലുള്ള ഘടക സ്ഥാപനങ്ങളിലും രോഗം തടയുന്നതിനുള്ള സാധന സാമഗ്രികൾ വാങ്ങി നൽകാവുന്നതാണ്. [അതുപോലെ ഗ്രാമ പഞ്ചായത്തുകളിലും നഗര ഭരണ സ്ഥാപനങ്ങളിലും അവയുടെ നിയന്ത്രണത്തിലുള്ള ഘടക സ്ഥാപനങ്ങളിലും രോഗം തടയുന്നതിനുള്ള സാധനസാമഗ്രികൾ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും വാങ്ങി നൽകാവുന്നതാണ്]

(3) ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപന ങ്ങൾക്ക് ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും വാങ്ങി നൽകാവുന്നതാണ്. [അതുപോലെ ഗ്രാമ പഞ്ചായത്തുകളുടെയും നഗര ഭരണ സ്ഥാപനങ്ങളുടെയും നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങൾക്ക് ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും വാങ്ങി നൽകാവുന്നതാണ്].

(4) ജില്ലാ ദുരന്തനിവാരണ അതോറിറ്റി ഏതെങ്കിലും പ്രോജക്ടുകൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ പ്രത്യേകമായി നടപ്പാക്കേണ്ടതുണ്ടെന്ന് നിർദ്ദേശിക്കുകയാണെങ്കിൽ അത്തരം പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. [അതുപോലെ ഗ്രാമ പഞ്ചായ ത്തുകളും നഗര ഭരണ സ്ഥാപനങ്ങളും ഏതെങ്കിലും പ്രോജക്ടുകൾ പ്രത്യേകമായി നടപ്പാക്കേണ്ടതുണ്ടെന്ന് ജില്ലാ ദുരന്തനിവാരണ അതോറിറ്റി നിർദ്ദേശിക്കുകയാണെങ്കിൽ അത്തരം പ്രോജക്ടുകൾ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാവുന്നതാണ്.]

( 6 ) മേൽ പറഞ്ഞ പ്രോജക്ടുകൾ അടിയന്തര സ്വഭാവമുള്ള പ്രോജക്ടുകളുടെ പ്രത്യേക ക്രമീകരണം ഉപയോഗിച്ച് തയ്യാറാക്കാവുന്നതാണ്. ഇവ കൂടാതെ പരാമർശം 6 പ്രകാരം സർക്കാർ പ്രഖ്യാപിച്ച പന്ത്രണ്ടിന പരിപാടിയുടെ ഭാഗമായ 'ജനകീയ ഹോട്ടലിന്' റിവോൾവിംഗ് ഫണ്ട് നൽകുന്നതിനുള്ള പ്രോജക്ടുകളും അടിയന്തര സ്വഭാവത്തിലുള്ള പ്രോജക്ടുകളുടെ പ്രത്യേക ക്രമീകരണം ഉപയോഗിച്ച് ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾക്ക് തയ്യാറാക്കാവുന്നതാണ് [പരാമർ ശം 6-ലെ മാർഗ്ഗരേഖയുടെ ഖണ്ഡിക 1.6 കാണുക].

## 8. സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പരിഷ്കരിക്കൽ

8.1 മുൻ ഖണ്ഡികകളിൽ വിവരിച്ച മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതിക്ക് അംഗീകാരം നേടി നിർവഹണ നടപടികൾ ആരംഭിക്കുകയാണെങ്കിലും തുടർന്ന് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും സ്പിൽഓവർ പ്രോജക്ടുകളും അടിയന്തിര സ്വഭാവത്തിലുള്ള പ്രോജക്ടുകളുടെ പ്രത്യേക ക്രമീകരണം ഉപയോഗിച്ച് തയ്യാറാക്കി നിർവഹണം ആരംഭിക്കുന്ന പ്രോജക്ടുകളും ഉൾപ്പെടുത്തി വാർഷിക പദ്ധതി പരിഷ്കരിക്കേണ്ടതാണ്. ഇതിനുള്ള മാർഗ്ഗരേഖ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്. എന്നിരുന്നാലും സ്പിൽ ഓവർ പ്രോജക്ടുകൾ ഏതൊക്കെ എന്നത് സംബന്ധിച്ച് ചുവടെ

ഖണ്ഡിക 9 -ൽ പ്രതിപാദിക്കുന്ന പ്രകാരം ഇപ്പോൾ തന്നെ തീരുമാനമെടുക്കേണ്ടതാണ്.

## 9. സ്പിൽ ഓവർ പ്രോജക്ടുകൾ സംബന്ധിച്ച തീരുമാനമെടുക്കൽ

9.1 എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും, മാർച്ച് 31 -ന് നിർവഹണം പൂർത്തിയാകാത്ത പ്രോജക്ടുകളുടെ നിലവിലുള്ള അവസ്ഥ പരിശോധിച്ച് ഏതൊക്കെ പ്രോജക്ടുകൾ തുടർന്ന് നടപ്പിലാക്കേണ്ടതുണ്ട് എന്നത് സംബന്ധിച്ച് ഭരണസമിതി തീരുമാനമെടുക്കേണ്ടതാണ്. ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച അന്തിമ വാർഷിക പദ്ധതിയിലെ, ഭൗതികവും സാമ്പത്തികവും ആയി നിർവഹണം പൂർത്തിയാകാത്ത പ്രോജക്ടുകളെ സ്പിൽ ഓവർ പ്രോജക്ടുകളായി നിശ്ചയിക്കാവുന്നതാണ്. നിർവ്വഹണ നടപടികൾ ആരംഭിക്കാത്ത പ്രോജക്ടുകളിൽ നടപ്പാക്കേണ്ടതില്ലെന്ന് കണ്ടെത്തുന്നവ ഒഴിവാക്കാം. ഭാഗികമായി പൂർത്തീകരിച്ച പ്രോജക്ടുകളുടെ നിർവ്വഹണം പാഴ് ചെലവ് വരാത്ത രീതിയിൽ അവസാനിപ്പിക്കുകയും ചെയ്യാവുന്നതാണ്. 2020 മാർച്ച് അവസാനം ട്രഷറിയിൽ സമർപ്പിച്ചുവെങ്കിലും പേയ്മെന്റ് നൽകാൻ കഴിയാതെ ട്രഷറി ക്യൂ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകളുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ടുകളും സ്പിൽ ഓവർ പ്രോജക്ടുകളായി ഉൾപ്പെടുത്തുന്നതിനു വേണ്ട ക്രമീകരണം സോഫ്റ്റ് വെയറിൽ ഇൻഫർമേഷൻ കേരള മിഷൻ വരുത്തുന്നതാണ്.

9 . 2 നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് കണ്ടെത്തുന്ന പ്രോജക്ടുകളിൽ ഭേദഗതി ആവശ്യമില്ലാത്തവ തദ്ദേശഭരണസ്ഥാപനത്തിന്റെ തീരുമാന പ്രകാരം തുടർന്ന് നടപ്പിലാക്കാവുന്നതാണ്. ഭേദഗതി ഇല്ലാത്ത സ്പിൽ ഓവർ പ്രോജക്ടുകളുടെ നിർവ്വഹണം തുടരുന്നതിന് വെറ്റിംഗ് ഓഫീസറുടേയോ ജില്ലാ ആസൂത്രണ സമിതിയുടേയോ അംഗീകാരം ആവശ്യമില്ല. ഇത്തരത്തിൽ നിർവ്വഹണം തുടരുന്ന എല്ലാ സ്പിൽ ഓവർ പ്രോജക്ടുകളുടെയും വിശദാംശങ്ങൾ പിന്നീട് നിശ്ചിത ഫോറത്തിൽ സുലേഖ സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കേണ്ടതും വാർഷിക പദ്ധതി പരിഷ്കരിക്കുന്ന സമയത്ത് പദ്ധതിയുടെ ഭാഗമാക്കേണ്ടതുമാണ്.

9.3 സ്പിൽ ഓവറായി തുടരേണ്ട ഒരു പ്രോജക്ടിന്റെ പ്രവർത്തനങ്ങളിലോ അടങ്കൽ തുകയിലോ ഭേദഗതി അനിവാര്യമാണെന്ന് കാണുകയാണെങ്കിൽ അത് ഭേദഗതി ചെയ്ത് ഭരണ സമിതി അംഗീകരിച്ചശേഷം ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസറുടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പരിഷ്കരിക്കുന്ന സമയത്ത് പദ്ധതിയുടെ ഭാഗമാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഇപ്രകാരം വാർഷിക പദ്ധതിയുടെ ഭാഗമാക്കി വെറ്റിംഗ് ഓഫീസറുടെയും ജില്ലാ ആസൂത്രണ സമിതിയുടേയും അംഗീകാരം നേടിയതിനുശേഷം മാത്രമെ തുടർന്ന് നിർവഹണം നടത്താനും പേയ്മെന്റ് നൽകാനും പാടുള്ളൂ.

## 10. 2019-20 ലെ ബില്ലുകൾ തയ്യാറാക്കി ട്രഷറിക്ക് സമർപ്പിക്കൽ

10.1 2019-20 വാർഷിക പദ്ധതിയിലെ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് ഏപ്രിൽ 18 വരെ സമർപ്പിക്കുന്ന ബില്ലുകളുടെ തുക കൂടി കണക്കിലെടുത്താണ് സ്പിൽ ഓവർ പ്രോജക്ടുകൾക്ക് അനുവദിക്കാൻ കഴിയുന്ന അധിക തുക എത്രയാണ് നിശ്ചയിച്ചി യിക്കുക എന്ന് പരാമർശം 9 ൽ വ്യക്തമാക്കിയിട്ടുണ്ട്. ഓൺലൈനായി ബില്ലുകൾ സമർപ്പിച്ചാൽ മാത്രം പോരാ മറിച്ച്; അവയുടെ ഫിസിക്കൽ കോപ്പി കൂടി ട്രഷറിയിൽ

സമർപ്പിക്കേണ്ടതുണ്ട്.

10.2 ഈ സാഹചര്യത്തിൽ മാർച്ച് 31-നകം ഓൺലൈനായി സമർപ്പിച്ചതിൽ പേയ്മെന്റ് നൽകാൻ ബാക്കിയുള്ള ബില്ലുകളുടെയും ഏപ്രിൽ 18 വരെ സമർപ്പിക്കുന്ന ബില്ലുകളുടെയും ഫിസിക്കൽ കോപ്പി കൂടി ഏപ്രിൽ 1 8 നകം ട്രഷറിയിൽ സമർപ്പിക്കുന്നതിനു വേണ്ട നടപടി തദ്ദേശഭരണസ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

**11. 2019-20 സാമ്പത്തിക വർഷം സ്രോതസ്സിൽ കുറവ് ചെയ്ത തുക ചെലവിൽ രേഖപ്പെടുത്തൽ**

11.1 കേരള ജല അതോറിട്ടിക്ക് വാട്ടർചാർജ്ജ്, അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടയും ഹോണറേറിയം തുടങ്ങിയ ഇനങ്ങളിൽ 2019-20 സാമ്പത്തിക വർഷം സ്രോതസ്സിൽ കുറവ് ചെയ്ത തുക വാർഷിക പദ്ധിയിലെ ചെലവ് തുകയായി രേഖപ്പെടുത്തുന്നതിന് പര്യാപ്തമാകും വിധം ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങൾ അടിയന്തര പ്രാധാന്യമുള്ള പ്രോജക്ടുകളുടെ പ്രത്യേക ക്രമീകരണം ഉപയോഗിച്ച് ചെലവ് തുക രേഖപ്പെടുത്തണമെന്ന് ആവർത്തിച്ച് നിർദ്ദേശം നൽകിയിരുന്നതാണ്. എന്നാൽ ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ഇപ്രകാരം ചെലവ് തുക രേഖപ്പെടുത്തുന്നതിനുള്ള ശ്രമം നടത്തിയിട്ടില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ഇക്കാര്യം പരിശോധിച്ച് ചെലവ് തുക രേഖപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ടോം ജോസ്**
**ചീഫ് സെക്രട്ടറി**

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
3. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
4. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
5. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷൻമാർക്കും.
6. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
7. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
8. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
9. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
10. എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും.

11. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും.
12. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
13. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്.
14. ഡയറക്ടർ, കില.
15. എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ.
16. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്.